പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 5362

5.7.2012 ൽ
മറുപടിയ്ക്ക്

ചടയമംഗലം മണ്ഡലത്തിലെ ടെക്നോലോഡ്ജ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മുല്ലക്കര രത്നാകരൻ ; | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ മന്ത്രി) |
| ചടയമംഗലം മണ്ഡലത്തിലുള്ള കടയ്ക്കലിലെ ടെക്നോ ലോഡ്ജ് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | ചടയമംഗലം മണ്ഡലത്തിലെ കടയ്ക്കലിൽ സ്ഥാപിച്ച ടെക്നോ ലോഡ്ജ് 2010 ഡിസംബർ മുതൽ ഒഴിഞ്ഞു കിടക്കുകയാണ്. അവിടെ ടെക്നോ ലോഡ്ജ് പ്രവർത്തിപ്പിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ കാരണം സ്ഥലം വാടകക്കെടുത്ത കമ്പനി ഒഴിഞ്ഞു. 18 ലക്ഷം രൂപ.യാണ് കടയ്ക്കൽ ടെക്നോ ലോഡ്ജ് പുനരുദ്ധാരണം ചെയ്യാൻ കെ.എസ്.ഐ.റ്റി.ഐ.എൽ. ചെലവാക്കിയത്. പ്രതിമാസം ഏകദേശം 25000 രൂപയാണ് വൈദ്യുതി/സെക്യൂരിറ്റി നിരക്കുകളുടെ ഇനത്തിൽ കെ.എസ്.ഐ.റ്റി.ഐ.എൽ. ചെലവാക്കുന്നത്. എന്നാൽ പ്രസ്തുത ടെക്നോ ലോഡ്ജിൽ നിന്നും യാതൊരു വരുമാനവും ലഭിക്കുന്നില്ല.<br><br>ഈ സാഹചര്യത്തിൽ ടെക്നോ ലോഡ്ജ് പദ്ധതിയുടെ നടത്തിപ്പ് ഏജൻസിയായ കെ.എസ്.ഐ.റ്റി.ഐ.എൽ. അതിന്റെ പതിനെട്ടാമത്തെ ബോർഡ് മീറ്റിംഗിൽ ടെക്നോ ലോഡ്ജുകളുടെ പ്രവർത്തനം അടിയന്തിരമായി നിർത്തലാക്കാൻ തീരുമാനിക്കുകയും ടെക്നോ ലോഡ്ജുകൾക്കായി ഏറ്റെടുക്കപ്പെട്ട കെട്ടിട സൗകര്യങ്ങൾ പൊതുജനത്തിന് ഉപകാരപ്രദമായ ടെലിമെഡിസിൻ സർവ്വീസുകൾ പോലുള്ള കാര്യങ്ങൾ തുടങ്ങുന്നതിന് വേണ്ടി വിവിധ ലോക്കൽ ബോഡികൾക്ക് നൽകാൻ തീരുമാനിക്കുകയും ഈ നിർദ്ദേശങ്ങൾ സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു. സർക്കാർ ഈ നിർദ്ദേശങ്ങൾ പരിശോധിച്ചുവരികയാണ്. |

Rahul. K. Jaiswan
സെക്ഷൻ ഓഫീസർ